# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2742 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പരിയാരം മെഡിക്കൽ കോളേജിൽ എത്ര രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ; | എ | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം എ.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ രോഗികൾക്ക് സർക്കാർ നൽകുന്ന ചികിത്സാ ചെലവ് 10,000/- രൂപ വരെയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ടി തുകയ്ക്ക് മുകളിൽ വരുന്ന ചെലവ് ഗുണഭോക്താവ് തന്നെ വഹിക്കേണ്ടതാണ്.<br><br>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗം രോഗികൾക്ക് ചികിത്സിക്കുന്ന ഡോക്ടറുടെ ചികിത്സാ ചെലവ് സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ വരെ ആശുപത്രി വികസന സമിതി (HDC) യുടെ അംഗീകാരത്തോടെയും അതിനു മുകളിൽ വരുന്ന തുക ബന്ധപ്പെട്ട ആശുപത്രി വഴി സർക്കാർ അനുമതിയോടെയും അനുവദിച്ചു വരുന്നു. സർക്കാർ അനുമതി ലഭിക്കുന്നതിന് ജാതി, വരുമാന സർട്ടിഫിക്കറ്റ്, ഡോക്ടറുടെ ശുപാർശ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ആശുപത്രി സൂപ്രണ്ട് ലഭ്യമാക്കേണ്ടതാണ്. |
| ബി | പരിധിയിൽ കൂടുതലായി വരുന്ന തുക രോഗിയിൽ നിന്നും ഈടാക്കുന്നത്, രോഗിക്ക് റീഇംബേഴ്സ് ചെയ്തു കൊടുക്കുവാൻ സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി & സി | പട്ടികവർഗ്ഗക്കാരിൽ എ.പി.എൽ വിഭാഗത്തിൽ വരുന്ന രോഗികളുടെ ചികിത്സാ ചെലവ് 10,000/- രൂപ വരെയായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ അതിനു മുകളിൽവരുന്ന തുക റീഇംബേഴ്സ് ചെയ്തു നൽകുവാൻ സാധിക്കുകയില്ല. ബി.പി.എൽ. വിഭാഗങ്ങൾക്ക് ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ നൽകുന്നതിനാൽ റീഇംബേഴ്സ്മെന്റിന്റെ ആവശ്യകത വരുന്നില്ല. |
| സി | എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| ഡി | ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം ചികിത്സാ സൗകര്യങ്ങൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ? | ഡി | സംസ്ഥാനത്തെ എല്ലാ ജില്ല/താലൂക്ക്/ പട്ടികവർഗ്ഗക്കാർ ചികിത്സ തേടിയെത്തുന്ന CHC/PHC എന്നീ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, കൊച്ചി/പരിയാരം സഹകരണ ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**